(സി) വടശ്ശേരിക്കര സെലക്ഷൻ ആഫീസിൽ എ.ഇ.യെ സമീപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മലയോരപ്രദേശങ്ങളിൽ കൂടുതൽ മേജർ സെക്ഷൻ ആഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതി നയം പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞ് മാത്രമേ പുതിയ ആഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നുള്ളൂ.

(ബി) വൈദ്യുതി വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി റാന്നി കേന്ദ്രമാക്കി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) നിയമിച്ചിട്ടുണ്ട്.

(ഡി) സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതി നയം നടപ്പിലാക്കിക്കഴിഞ്ഞ് വൈദ്യുതി ബോർഡ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

91 (1000) വൈദ്യുതി ബോർഡ് നടത്തുന്ന സിമ്പോസിയങ്ങൾ

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരമാണ്ടിൽ വൈദ്യുതിയുടെ കാര്യത്തിൽ കേരളം മിച്ച സംസ്ഥാനമാകുമെന്ന് ചൂണ്ടിക്കാണിക്കുന്നതിനായി സംസ്ഥാന വൈദ്യുതി ബോർഡ് എത്ര സിമ്പോസിയങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഇവയ്ക്കുവേണ്ടി എന്തു തുക ചെലവ് വന്നു?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ഇതിനായി സിമ്പോസിയങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

92 (1001) വൈദ്യുതി ബോർഡ് ഓഫീസുകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈദ്യുതി ബോർഡിന് എത്ര സർക്കിൾ ഓഫീസുകൾ ഉണ്ട്; ഏതെല്ലാം;

(ബി) അഡീഷണൽ ഡിപ്പോസിറ്റ് അടയ്ക്കണമെന്ന് കാണിച്ച് സംസ്ഥാനത്ത് എത്ര കൺസ്യൂമർമാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ ജില്ല തിരിച്ചോ സർക്കിൾ അടിസ്ഥാനത്തിലോ ഉള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി ബോർഡിന് പട്ടത്തുള്ള സംസ്ഥാന ആഫീസിനു പുറമെ എത്ര ഓഫീസുകൾ കേരളത്തിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ; സംസ്ഥാന ഓഫീസിന് താഴെയുള്ള വിവിധ ഓഫീസുകൾ ഏതെല്ലാം തല ത്തിൽപ്പെടുന്നവയാണ്. സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഏറ്റവും താഴെ അടിയിലുള്ള ഓഫീസ് സംവിധാനം എന്താണ്;

(ഡി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ കീഴിൽ മൊത്തം എത്ര ജീവനക്കാർ സ്ഥിരമായും എത്ര ജീവനക്കാർ താൽക്കാലികമായും ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ശമ്പളം ഇനത്തിൽ വൈദ്യുതി ബോർഡ് ഒരു മാസം എത്ര ഉറുപ്പിക ചെലവാക്കുന്നുണ്ട്;

(എഫ്) മാസം 20,000 രൂപയ്ക്ക് മുകളിൽ ശമ്പളം പറ്റുന്ന എത്ര ഉദ്യോ ഗസ്ഥൻമാർ ബോർഡിൽ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) വൈദ്യുതി ബോർഡിൽ ഇപ്പോൾ എത്ര മെമ്പർമാർ ഉണ്ട്; ആരെല്ലാം; ഓരോരുത്തർക്കും ശമ്പളം മറ്റ് ആനുകൂല്യങ്ങൾ എന്നിയിന ത്തിൽ എത്ര രൂപ നൽകുന്നുണ്ട്;

(എച്ച്) 1996 ഏപ്രിൽ മുതൽ വൈദ്യുതി ബോർഡിൽ മെമ്പർമാരും ചീഫ് എഞ്ചിനീയർമാരും കൂടി ശമ്പളം ടി.എ., ഡി.എ., മറ്റ് ഇനം എന്നിവ യിൽ എത്ര ഉറുപ്പിക കൈപ്പറ്റിയിട്ടുണ്ട്?

ഉത്തരം

(എ) സിവിൽ, ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ എന്നീ വിഭാഗങ്ങളിൽ താഴെപ്പറയുന്ന സർക്കിൾ ഓഫീസുകൾ നിലവിലുണ്ട്.

ജനറേഷൻ

ചിത്തിരപുരം
തൃശ്ശൂർ
മൂഴിയാർ
മൂലമറ്റം

ട്രാൻസ്മിഷൻ

കൊട്ടാരക്കര
കളമശ്ശേരി
തൃശ്ശൂർ
കണ്ണൂർ
കോഴിക്കോട്
മാടക്കത്തറ
പൂവൻതുരുത്ത്
ലോഡ് ഡെസ്പാച്ച്,
സർക്കിൾ കളമശ്ശേരി

ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ

തിരുവനന്തപുരം
ആലപ്പുഴ
തൃശ്ശൂർ
മലപ്പുറം

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ

<u>സിവിൽ സർക്കിൾ</u>

കോഴിക്കോട്
കോട്ടയം
തൃശ്ശൂർ
ആതിരപ്പള്ളി
കോതമംഗലം
പെരിങ്ങൽകുത്ത്
കക്കയം

<u>ഡിസ്ട്രിബ്യൂഷൻ</u>

തിരുവനന്തപുരം (അർബൻ)
തിരുവനന്തപുരം (റൂറൽ)
കൊല്ലം
കൊട്ടാരക്കര
പത്തനംതിട്ട
കോട്ടയം
പാല
തൊടുപുഴ
ആലപ്പുഴ
എറണാകുളം
പെരുമ്പാവൂർ
തൃശ്ശൂർ
ഇരിങ്ങാലക്കുട
മഞ്ചേരി
പാലക്കാട്
കോഴിക്കോട്
കൽപ്പറ്റ
കണ്ണൂർ
കാസർഗോഡ്
കൊട്ടാരക്കര
പള്ളം
വാഴത്തോപ്പ്
സ്പെഷ്യൽ സ്കാഡ്, കോഴിക്കോട്
സ്പെഷ്യൽ സ്കാഡ്, കോട്ടയം.

(ബി) 1,91,024 കൺസ്യൂമർമാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

സർക്കിൾ അടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം (അർബൻ)	-	24,027
തിരുവനന്തപുരം (റൂറൽ)	-	6,991
കൊല്ലം	-	21,166
കൊട്ടാരക്കര	-	3,546
പത്തനംതിട്ട	-	2,562
കോട്ടയം	-	2,611
പാല	-	19,491

LIBRARY ARCHIVES Kerala Legislative Assembly

തൊടുപുഴ	-	612
ആലപ്പുഴ	-	17,282
എറണാകുളം	-	5,221
പെരുമ്പാവൂർ	-	10,479
ഇരിങ്ങാലക്കുട	-	2,521
തൃശ്ശൂർ	-	4,288
പാലക്കാട്	-	1,275
മഞ്ചേരി	-	3,170
കോഴിക്കോട്	-	7,232
കല്പറ്റ	-	3,468
കണ്ണൂർ	-	42,897
കാസർഗോഡ്	-	11,705

ഇവ കൂടാതെ 470 എച്ച്.റ്റി.ഇ.എച്ച്.റ്റി. ഉപഭോക്താക്കൾക്കും അഡീഷണൽ ഡിപ്പോസിറ്റ് അടയ്ക്കണം എന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) 1,111 ഓഫീസുകളുണ്ട്. തിരുവനന്തപുരത്തെ സംസ്ഥാന തല ഓഫീസിനു പുറമെ ചീഫ് എഞ്ചിനീയർ ഓഫീസുകൾ, സർക്കിൾ തല ഓഫീസുകൾ, ഡിവിഷനുകൾ, ബില്ലിംഗ് യൂണിറ്റുകൾ, സബ് ഡിവിഷനുകൾ, മേജർ സെക്ഷനുകൾ, സെക്ഷനാഫീസുകൾ എന്നിവയുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന സെക്ഷനാഫീസാണ് ഏറ്റവും താഴെത്തട്ടിലുള്ളത്.

(ഡി) സ്ഥിര ജോലിക്കാർ - 26,393 പേർ
(3-12-1998 ലെ കണക്ക് പ്രകാരം)
ദിവസക്കൂലി, കരാർ ജോലിക്കാർ - 1,288 പേർ
(1999 മെയിലെ കണക്ക് പ്രകാരം)

(ഇ) പ്രതിമാസം 22,71 കോടി രൂപ.

(എഫ്) 20 പേർ.

(ജി) മൂന്നു പേർ.
1) ശ്രീ.കെ. കൃഷ്ണൻ കുട്ടി
(മെമ്പർ ഡിസ്ട്രിബ്യൂഷൻ)
ശമ്പളവും മറ്റ് ആനുകൂല്യങ്ങളും-19,107/-രൂപ.
2) ശ്രീ.ഇ.എൻ.ഗോപിനാഥൻ നായർ
(മെമ്പർ ട്രാൻസ്മിഷൻ)
ശമ്പളവും മറ്റ് ആനുകൂല്യങ്ങളും-22,035/-രൂപ.
3) ശ്രീ.പി.ജെ. മാത്യു
(മെമ്പർ ധനകാര്യം)
ശമ്പളവും മറ്റ് ആനുകൂല്യങ്ങളും-29,023/-രൂപ.

(എച്ച്) ശമ്പളവും അലവൻസുകളും-1,44,97,331/-രൂപ
ടി.എ., ഡി.എ.-51,41,070/-രൂപ.

LIBRARY ARCHIVES Kerala Legislative Assembly